7

ഏപ്രിൽ 2021
ബുധൻ
1196 മീനം 24 1442 ശഅ്ബാൻ 24

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 28 •ലക്കം 79 •പേജ് 4 •വില: 5 രൂപ

സുഖകരമായ യാത്ര, ശ്രദ്ധേയമായ പരിചരണം
കാസർകോട്-ബാംഗ്ലൂർ (ദിവസവും)
മംഗലാപുരം-കാസർകോട്-എറണാകുളം (ദിവസവും)
ബുക്കിംഗിന് ബന്ധപ്പെടുക
BANGALORE (Shayda Marg.) KASARAGOD
Kohinoor
Behind Sagar Talkies,
Ghandhi Nagar,Bangalore
080 2287 7199
Kohinoor (Safar) Travels
New Bus Stand. Ph: 04994- 223952,
230840, 227550, 9037314984
നിങ്ങളുടെ ആനന്ദം ഞങ്ങളുടെ സംതൃപ്തി

■രാഷ്ട്രീയ കൊലയെന്ന് പൊലീസ് ■11 പേരെ തിരിച്ചറിഞ്ഞു
■ഒരാൾ പിടിയിൽ ■കൂത്തുപറമ്പിൽ ഹർത്താൽ ■അതീവ ജാഗ്രത

ബോംബെറിഞ്ഞു വീഴ്ത്തി ലീഗ് പ്രവർത്തകനെ വെട്ടിക്കൊന്നു

കണ്ണൂർ: കൂത്തുപറമ്പ് നിയമസഭാ മണ്ഡലത്തിലെ പാനൂർ, പുല്ലൂക്കരയിൽ നിയമസഭാ തെരഞ്ഞെടുപ്പിനിടയിൽ ഉണ്ടായ സംഘർഷത്തിൽ മുസ്ലീംലീഗ് പ്രവർത്തകൻ വെട്ടേറ്റു മരിച്ചു. പരിക്കേറ്റ സഹോദരനെയും മാതാവിനെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ബോംബെറിഞ്ഞു വീഴ്ത്തിയ ശേഷമാണ് കൊല.പുല്ലൂക്കര, പാറാലിലെ മുസ്തഫയുടെ മകൻ പാറാൽ മൻസൂറാ(22)ണ് കൊല്ലപ്പെട്ടത്. സഹോദരൻ മുഹ്സിനെ ഗുരുതരമായി വെട്ടേറ്റ നിലയിൽ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലും മാതാവ് സക്കീനയെ തലശ്ശേരിയിലെ ആശുപത്രിയിലും പ്രവേശിപ്പിച്ചു. കൊലപാതകത്തിനു പിന്നിൽ രാഷ്ട്രീയവൈരാഗ്യമാണെന്നും ഒരു സി പി എം പ്രവർത്തകൻ പിടിയിലായിട്ടുണ്ടെന്നും മറ്റു 11 പേരെ തിരിച്ചറിഞ്ഞതായും പൊലീസ് പറഞ്ഞു. അന്വേഷണത്തിനായി പ്രത്യേക സംഘത്തെ നിയോഗിക്കുമെന്നു പൊലീസ് പറഞ്ഞു. കൊലപാതകത്തിൽ പ്രതിഷേധിച്ച് കൂത്തു പറമ്പ് നിയമസഭാ മണ്ഡലത്തിൽ യു ഡി എഫ് ആഹ്വാനം ചെയ്ത ഹർത്താൽ ആരംഭിച്ചു. പൊലീസ് അതീവ ജാഗ്രതയിലാണ്.ഇന്നലെ രാത്രി എട്ടരമണിയോടെയാണ് മൻസൂറിനു നേരെ അക്രമം ഉണ്ടായത്. നേരത്തെ 149-ാം നമ്പർ ബൂത്തിൽ ഉണ്ടായ തർക്കത്തിന്റെ തുടർച്ചയായിട്ടായിരുന്നു കൊലപാതകം.രാത്രിയിൽ വീടിനു മുന്നിൽ നിന്ന് സുഹൃത്തുക്കളുമായി സംസാരിക്കുകയായിരുന്നു മുഹ്സിൻ. ഈ സമയത്ത് പതുങ്ങിയെത്തിയ ഇരുപതോളം വരുന്ന സി പി എം - ഡി വൈ എഫ് ഐ പ്രവർത്തകർ ബോംബെറിഞ്ഞു വീഴ്ത്തിയ ശേഷം വെട്ടുകയായിരുന്നു. ബഹളം കേട്ട് ഓടിയെത്തിയ സഹോദരൻ മൻസൂർ അക്രമം തടയാൻ ശ്രമിച്ചു. ഇതിനിടയിലായിരുന്നു മൻസൂറിനു വെട്ടേറ്റത്. അക്രമം തടയാൻ ശ്രമിക്കുന്നതിനിടയിലാണ് മാതാവിനും വെട്ടേറ്റത്. മൂന്നു പേരെയും ഉടൻ തലശ്ശേരിയിലെ ആശുപത്രിയിൽ എത്തിച്ചു. നില ഗുരുതരമായതിനാൽ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും അർധരാത്രിയോടെ മൻസൂർ മരണപ്പെട്ടു.മൃതദേഹം കോഴിക്കോട് ആശുപത്രിയിലേയ്ക്ക് മാറ്റി. പോസ്റ്റുമോർട്ടത്തിനു ശേഷം നാട്ടിലെത്തിക്കും. വിവരമറിഞ്ഞ് പി കെ കുഞ്ഞാലിക്കുട്ടി ഉൾപ്പെടെയുള്ള നേതാക്കൾ മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തി അന്തിമോപചാരം അർപ്പിച്ചു. കൊലപാതകവും ഹർത്താലും നടക്കുന്ന സാഹചര്യത്തിൽ കൂത്തുപറമ്പ് മണ്ഡലത്തിൽ പ്രത്യേക ജാഗ്രത പൊലീസ് പാലിക്കുന്നു. നേരത്തെ സി പി എം -ലീഗ് സംഘർഷം നടന്ന മേഖലകളിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

മൻസൂറിന്റെ മൃതദേഹം മുസ്ലീം ലീഗ് അഖിലേന്ത്യാ ജന.സെക്രട്ടറി പി കെ കുഞ്ഞാലിക്കുട്ടിയും നേതാക്കളും സന്ദർശിക്കുന്നു.

പറക്കളായിയിൽ യുവമോർച്ച നേതാവിനു വെട്ടേറ്റു ഗുരുതരം; സി പി എം പ്രവർത്തകർക്ക് പരിക്ക്

കാഞ്ഞങ്ങാട്: യുവമോർച്ചാ ജില്ലാ വൈസ് പ്രസിഡണ്ട് ശ്രീജിത്ത് പറക്കളായി (37)യെ ഇരു കൈകാലുകൾക്കും വെട്ടേറ്റ നിലയിൽ മംഗ്ളൂരുവിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇന്നലെ രാത്രി നടന്നു പോകുന്നതിനിടയിൽ ഒരു സംഘം സി പി എം പ്രവർത്തകർ തടഞ്ഞു നിർത്തി അക്രമിക്കുകയായിരുന്നുവെന്നും നിലവിളികേട്ടപ്പോൾ അക്രമികൾ ഓടിരക്ഷപ്പെടുകയായിരുന്നുവെന്നും ബി ജെ പി കേന്ദ്രങ്ങൾ ആരോപിച്ചു.

വെട്ടേറ്റ ശ്രീജിത്ത് ആശുപത്രിയിൽ

അതേസമയം ബി ജെ പി പ്രവർത്തകർ വീടുകയറി നടത്തിയ അക്രമത്തിൽ സ്ത്രീയടക്കം മൂന്നുപേർക്കു പരിക്കേറ്റു. പറക്കളായി വലിയടുക്കത്തെ സി പി എം പ്രവർത്തകൻ രാമകൃഷ്ണൻ എന്ന ബാലൻ (41), ഭാര്യ ഓമന(35) മകൻ മിഥുൻ രാജ് (18) എന്നിവർക്കാണ് പരിക്കേറ്റത്. ഓമനയും ഭർത്താവും പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലും മിഥുൻ രാജ് ജില്ലാ ആശുപത്രിയിലുമാണ്. സംഭവത്തിൽ ബി ജെ പി പ്രവർത്തകരായ രമ്യേഷ്, വിവേക്, സനു, ശ്രീജിത്ത്, രാജീവൻ തുടങ്ങി ആറുപേർക്കെതിരെ അമ്പലത്തറ പൊലീസ് വധശ്രമത്തിനു കേസെടുത്തു.

പരിക്കേറ്റ ഓമന ആശുപത്രിയിൽ

അതേസമയം ഇന്നലെ രാത്രി ഉണ്ടായ സംഭവ വികാസങ്ങളെകുറിച്ച് വിശദമായി പരിശോധിച്ചുവരികയാണെന്നു പൊലീസ് കേന്ദ്രങ്ങൾ പറഞ്ഞു. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാര്യമായ പ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്നും പൊലീസ് പറഞ്ഞു.

സ്റ്റീൽ ഗ്ലാസ് കൊണ്ട് എറിഞ്ഞു; 12 കാരനു പരിക്ക്

കാഞ്ഞങ്ങാട്: മീനാപ്പീസിൽ 12 വയസ്സുകാരനു നേരെ അക്രമം. മണ്ഡലം മുസ്ലീംലീഗ് കമ്മിറ്റി ജോയന്റ് സെക്രട്ടറി ഹക്കീമിന്റെ മകൻ മുഹമ്മദ് സുഹൈലി(12)നാണ് പരിക്കേറ്റത്. കണ്ണിനു അരികിൽ പരിക്കേറ്റ സുഹൈൽ മംഗ്ളൂരുവിലെ ആശുപത്രിയിൽ ചികിത്സയിലാണ്. ഇന്നലെ വൈകുന്നേരമാണ് സംഭവം. മീനാപ്പീസ് ജി യു പി എസ് ബൂത്തിൽ ആണ് സംഭവം. ബൂത്തിനരുകിൽ വച്ച് എസ് ഡി പി ഐയുടെ ചിഹ്നം കാണിച്ചതു ലീഗ് പ്രവർത്തകർ ചോദ്യം ചെയ്തതിനെ തുടർന്ന് സ്ഥലത്തു ഉണ്ടായിരുന്ന സുഹൈലിനെ ഗ്ലാസ് കൊണ്ട് എറിയുകയായിരുന്നുവെന്നു പരാതിപ്പെട്ടു.സംഭവത്തിൽ എസ് ഡി പി ഐ പ്രവർത്തകരായ മുസമ്മിൽ (25) ഉബൈസ് (24) മിൻഷാദ് (24) അറഫാത്ത് (25) സബിൽ(25) എന്നിവർക്കെതിരെ വധശ്രമത്തിനു കേസെടുത്തായി പൊലീസ് പറഞ്ഞു.

നേരത്തെ ക്യൂവിൽ നിന്നവരെ വോട്ട് ചെയ്യാൻ അനുവദിച്ചില്ലെന്നു പരാതി: മഞ്ചേശ്വരത്ത് പോളിംഗ് ബൂത്തുകൾക്കു മുന്നിൽ പ്രതിഷേധം; സംഘർഷം

മഞ്ചേശ്വരം: വോട്ടിംഗ് സമയം അവസാനിക്കുന്നതിനു മുമ്പു പോളിംഗ് ബൂത്തിലെത്തിയ വോട്ടർമാരെ വോട്ട് ചെയ്യാൻ അനുവദിക്കാതെ തിരിച്ചയച്ചുവെന്ന ആരോപണം മഞ്ചേശ്വരത്ത് ഇന്നലെ രാത്രി സംഘർഷം സൃഷ്ടിച്ചു.ഒന്നിനു പുറകെ രണ്ടിടങ്ങളിൽ ഉണ്ടായ സംഘർഷം രാത്രി 11 മണിവരെ നീണ്ടു.

രാഷ്ട്രീയ പ്രവർത്തകർ ബൂത്തു വളഞ്ഞതോടെ സംഘർഷം രൂക്ഷമാവുകയും കേന്ദ്രസേനയും പൊലീസും സ്ഥലത്തെത്തിച്ചേരുകയും ചെയ്തു. ആരോപണമുയർന്ന ബൂത്തുകളിൽ വീണ്ടും തിരഞ്ഞെടുപ്പു നടത്തുമെന്ന ഉറപ്പിൽ പ്രവർത്തകർ പിന്മാറുകയായിരുന്നെന്നു യു ഡി എഫ് മഞ്ചേശ്വരം മണ്ഡലം സ്ഥാനാർത്ഥി എ കെ എം അഷ്റഫ് പറഞ്ഞു. ഇന്നലെ വൈകിട്ട് അഞ്ചരയോടെ മഞ്ചേശ്വരം മണ്ഡലത്തിലെ 130-ാം ബൂത്തായ കനിയാലയിൽ വോട്ട് ചെയ്യാനെത്തിയവരെ വോട്ട് ചെയ്യാൻ അനുവദിക്കാതിരുന്നതാണ് പ്രശ്നങ്ങൾക്കു തുടക്കമെന്നു പറയുന്നു. പോളിംഗ് സമയം കഴിയും വരെ ബൂത്തിനു മുന്നിൽ കാത്തു നിന്ന വോട്ടർമാർ അതിനുശേഷം വിവരം പാർട്ടി പ്രവർത്തകരെ അറിയിക്കുകയും എൻ ഡി എ സ്ഥാനാർത്ഥി കെ സുരേന്ദ്രന്റെ നേതൃത്വത്തിലെത്തിയ പ്രവർത്തകർ ബൂത്തിനു മുന്നിൽ കുത്തിയിരിക്കുകയുമായിരുന്നു. എട്ടുമണിയോടെ റിട്ടേണിംഗ് ഓഫീസർ പ്രശ്നത്തിൽ ഇടപെടുകയും വോട്ടു നിഷേധിക്കപ്പെട്ട വോട്ടർമാരെ വോട്ടു ചെയ്യാൻ അനുവദിക്കുകയുമായിരുന്നെന്നു പറയുന്നു.

കെ സുരേന്ദ്രനും പ്രവർത്തകരും കന്യാല ബൂത്തിന് മുന്നിൽ കുത്തിയിരുന്നപ്പോൾ.

ഈ വിവരമറിഞ്ഞ യു ഡി എഫ് പ്രവർത്തകർ അതേ ആവശ്യമുന്നയിച്ചു സ്ഥാനാർത്ഥി എ കെ എം അഷ്റഫിന്റെ നേതൃത്വത്തിൽ മഞ്ചേശ്വരം ഹൊസബെട്ടു സ്കൂൾ ബൂത്തിലെത്തി ഒപ്പമുള്ളവർക്കു വോട്ടു ചെയ്യാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെടുകയായിരുന്നെന്നു പറയുന്നു. പ്രദേശത്ത് ആൾക്കൂട്ടം വർധിച്ചതോടെ കേന്ദ്രസേനയും പൊലീസും സ്ഥലത്തെത്തി. അതിനിടയിൽ മണ്ഡലത്തിലെ നാലു ബൂത്തുകളിൽ റീപോളിംഗ് നടത്താമെന്നു ഉറപ്പു നൽകിയതായി അഷ്റഫ് പറഞ്ഞു. ഇതിനെത്തുടർന്നു 11 മണിയോടെ ആൾക്കൂട്ടം പിരിഞ്ഞു പോവുകയായിരുന്നു.

ചെറുവത്തൂരിൽ യു ഡി എഫ് സ്ഥാനാർത്ഥിയുടെ കാർ തകർത്തു

ചെറുവത്തൂർ: യു ഡി എഫ് ഏജന്റുമാർക്ക് നേരെ ഉണ്ടായ വധഭീഷണിയെ കുറിച്ച് അന്വേഷിക്കാനെത്തിയ തൃക്കരിപ്പൂർ മണ്ഡലം യു ഡി എഫ് സ്ഥാനാർത്ഥി എം പി ജോസഫിനു നേരെ അക്രമം. ഇന്നലെ രാത്രി ഏഴരമണിയോടെയാണ് സംഭവം. അദ്ദേഹം സഞ്ചരിച്ചിരുന്ന കാർ ചെറുവത്തൂർ, കാരിയിൽ എത്തിയപ്പോൾ 300ൽപരം സി പി എം പ്രവർത്തകർ തടഞ്ഞു നിർത്തുകയും ചെങ്കല്ല് ഇട്ട് തകർക്കുകയുമായിരുന്നുവെന്നു എം പി ജോസഫ് പരാതിപ്പെട്ടു. ഡ്രൈവർ രഞ്ജിത്ത്, എബിൻ വിൻസെന്റ്, സോജു എന്നിവരും താനും ഭാഗ്യത്തിനാണ് പരിക്കില്ലാതെ രക്ഷപ്പെട്ടതെന്നു എം പി ജോസഫ് പറഞ്ഞു.95-ാം ബൂത്തിലെ ഏജന്റുമാരായ വിജയൻ, ഷുഹൈബ് എന്നിവരെ തടഞ്ഞു വച്ചതായുള്ള വിവരം അറിഞ്ഞ് എത്തിയതായിരുന്നുവെന്നും പോളിംഗ് അവസാനിച്ചു കഴിഞ്ഞ ശേഷം ഏജന്റുമാരുമായി കാറിൽ മടങ്ങുന്നതിനിടയിൽ അക്രമിക്കുകയായിരുന്നുവെന്നും പരാതിപ്പെട്ടു. സംഭവത്തിൽ 300ൽപ്പരം സി പി എം പ്രവർത്തകർക്കെതിരെ കേസെടുത്തതായി ചന്തേര പൊലീസ് അറിയിച്ചു.

അക്രമികൾ തകർത്ത കാർ

ജില്ലയിൽ ഇടതു തരംഗമെന്ന് എൽ ഡി എഫ്, ശുഭപ്രതീക്ഷയോടെ യു ഡി എഫ്; താമര വിരിയുമെന്ന് ബി ജെ പി

കാസർകോട്: ദിവസങ്ങൾ നീണ്ട പ്രചരണങ്ങൾക്കും ശബ്ദകോലാഹലങ്ങൾക്കും ശേഷം നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞു. മെയ് രണ്ടിന് വോട്ടെണ്ണൽ നടക്കും. ഇനിയുള്ള ദിവസങ്ങളിൽ രാഷ്ട്രീയ രംഗം മുങ്ങും.

ജില്ലയിൽ ഇടതു തരംഗം ഉണ്ടാകുമെന്ന് സി പി എം നേതാവും ഇടതുമുന്നണി ജില്ലാ കൺവീനറുമായ കെ പി സതീഷ്ചന്ദ്രൻ പറഞ്ഞു. മെയ് രണ്ടിന് വോട്ടെണ്ണൽ നടക്കുന്നതു വരെ ആർക്കും മറിച്ചുള്ള അവകാശവാദങ്ങൾ തുടരാം. തൃക്കരിപ്പൂരും കാഞ്ഞങ്ങാടും ഉദുമയും വർധിച്ച ഭൂരിപക്ഷത്തോടെ ഇടതുമുന്നണി നിലനിർത്തും. മഞ്ചേശ്വരത്ത് അട്ടിമറി വിജയം നേടും. കാസർകോട് മണ്ഡലത്തിൽ പോളിംഗ് ശതമാനം കുറഞ്ഞതിന്റെ ഗുണം ഇടതുമുന്നണി സ്ഥാനാർത്ഥിക്കായിരിക്കുമെന്നും സതീഷ്ചന്ദ്രൻ പറഞ്ഞുജില്ലയിൽ യു ഡി എഫിന് ശുഭ പ്രതീക്ഷ ഉണ്ടെന്നു യു ഡി എഫ് സ്ഥാനാർത്ഥിയും മുസ്ലീം ലീഗ് നേതാവുമായ എൻ എ നെല്ലിക്കുന്ന് പറഞ്ഞു. പോളിംഗ് ശതമാനം കുറഞ്ഞത് യു ഡി എഫിനെ ബാധിക്കില്ല. വോട്ടുകുറവ് സംസ്ഥാന തലത്തിൽ തന്നെ ഉണ്ടായതാണ്. ലീഗു കേന്ദ്രങ്ങളിൽ മാത്രമല്ല കുറവുണ്ടായത്. കാസർകോടിനൊപ്പം മറ്റു മണ്ഡലങ്ങളിലും യു ഡി എഫിന്റെ നില ഭദ്രമാണ്-അദ്ദേഹം പറഞ്ഞു.വോട്ടിംഗ് ശതമാനത്തിൽ ഉണ്ടായ കുറവ് ബി ജെ പിക്ക് അനുകൂലമാണെന്നും ജില്ലയിൽ ഇത്തവണ താമര വിരിയുമെന്നും ബി ജെ പി ജില്ലാ പ്രസിഡന്റും കാസർകോട്ടെ എൻ ഡി എ സ്ഥാനാർത്ഥിയുമായ കെ ശ്രീകാന്ത് പറഞ്ഞു. ഇത്തവണ കാസർകോട്ട് ബി ജെ പി അക്കൗണ്ട് തുറക്കും. വലിയ പ്രതീക്ഷയാണ് ബി ജെ പിക്കുള്ളത് -ശ്രീകാന്ത് പറഞ്ഞു.

മഞ്ചേശ്വരത്ത് വോട്ട് നിഷേധിച്ചതായി പരാതി; ഒബ്സർവ്വറും റിട്ടേണിംഗ് ഓഫീസറും അന്വേഷണം തുടങ്ങി

കുമ്പള: ക്യൂവിൽ നിന്നവരെ വോട്ടു ചെയ്യാൻ അനുവദിച്ചില്ലെന്ന പരാതികളെക്കുറിച്ചു മഞ്ചേശ്വരം മണ്ഡലം തിരഞ്ഞെടുപ്പു നിരീക്ഷകനും മണ്ഡലം റിട്ടേണിംഗ് ഓഫീസറും സൂക്ഷ്മ പരിശോധന ആരംഭിച്ചു.വോട്ടിംഗ് സംബന്ധിച്ചു വിവാദമുയർന്ന കനിയാല, ഹൊസബെട്ടു സ്കൂളിലെ മൂന്നു ബൂത്തുകളിലെ വോട്ടിംഗിനെ കുറിച്ചാണ് സൂക്ഷ്മ പരിശോധന നടത്തുക. പോളിംഗ് രേഖകളും അന്വേഷണ സംഘം പരിശോധിക്കുന്നതാണ്. ഓരോ ബൂത്തിലേയും പോളിംഗ് അവസാനിപ്പിച്ചു വോട്ടിംഗ് മെഷീനുകൾ സീൽ ചെയ്യുമ്പോൾ സീൽ ചെയ്യുന്ന സമയം രേഖപ്പെടുത്താറുണ്ടെന്നു പറയുന്നു.

ഇക്കാര്യവും സംഘം പരിശോധിക്കുന്നുണ്ട്.അതുപോലെ, വോട്ടിംഗ് സമയം അവസാനിക്കും മുമ്പു ക്യൂവിലുള്ളവരുടെ വിവരവും രേഖപ്പെടുത്തേണ്ടതാണെന്നു പറയുന്നു. അക്കാര്യങ്ങളും പരിശോധിക്കും. അതേസമയം മണ്ഡലത്തിൽ ഏറ്റവും കൂടുതൽ പോളിംഗ് നടന്ന ബൂത്തുകളെക്കുറിച്ചും അന്വേഷിക്കുമെന്നു സൂചനയുണ്ട്. സൂക്ഷ്മ നിരീക്ഷണത്തിനു ശേഷം ഇവർ സംസ്ഥാന തിരഞ്ഞെടുപ്പുദ്യോഗസ്ഥനും തിരഞ്ഞെടുപ്പു കമ്മീഷനും നൽകുന്ന റിപ്പോർട്ടിനെത്തുടർന്നായിരിക്കും തുടർ നടപടിയെന്നു പറയുന്നു.

അന്തുക്ക